LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ സുരക്ഷാ പദ്ധതി

96 [814] ശ്രീ. മത്തായിചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ സഹായിക്കാൻ 'ആരോഗ്യ സുരക്ഷാ പദ്ധതി' ആവിഷ്ക്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) എങ്കിൽ പദ്ധതി നടപ്പിലാക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഇതിനായി എന്തു തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; ഇതിൽ എന്തുതുക ഇതിനകം ചെലവഴിക്കുകയുണ്ടായി?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) പദ്ധതി നടപ്പിലായിട്ടില്ല. വിദഗ്ദ്ധ സമിതികളുമായുള്ള ചർച്ചകളുടെ തീരുമാനങ്ങൾ ഇൻഷ്വറൻസ് സ്ഥാപനങ്ങളുടെ നിബന്ധനകൾ എന്നിവ ലഭിക്കുന്നതിലുണ്ടാകുന്ന താമസമാണ് പദ്ധതി നടപ്പിലാക്കുന്നത് വൈകാൻ കാരണം.

(സി) ഇതിനായി ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. ഇതിൽനിന്ന് തുകയൊന്നും ഇതുവരെ ചെലവഴിച്ചിട്ടില്ല.

ആരോഗ്യവകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

97 [815] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ എത്ര രൂപയാണ് ലോകബാങ്കിൽനിന്നും ലഭിച്ചിട്ടുള്ളത് എന്നും ഇനി എത്ര രൂപയാണ് ലഭിക്കാനുള്ളതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1998 മുതൽ കേരളത്തിൽ ലോകബാങ്ക് പദ്ധതിയായ "പ്രജനന ശിശു ആരോഗ്യപദ്ധതി" നടപ്പാക്കിവരികയാണ്. പാലക്കാടും കോഴിക്കോടും ഈ പദ്ധതിയുടെ ഉപ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇതിനു പുറമെ ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനായുള്ള "ഹെൽത്ത് സിസ്റ്റം പ്രോജക്ടും" മെഡിക്കൽ കോളേജ് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായുള്ള മറ്റൊരു പ്രോജക്ടും ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) 16 കോടി 62 ലക്ഷം രൂപ പ്രജനന ശിശു ആരോഗ്യ പദ്ധതിക്കായും 15 കോടി 42 ലക്ഷം രൂപ പ്രജനന ശിശു ആരോഗ്യ ഉപ പദ്ധതിക്കായും ലഭിച്ചിട്ടുണ്ട്. എന്നാൽ 810.4 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടിനും മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള 128 കോടി രൂപയുടെ പദ്ധതിക്കും ഇതുവരെ ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി

98 [816] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രികളുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര പ്രോജക്ടുകളാണ് നബാർഡിന് സമർപ്പിച്ചത്;

(സി) ഏതെല്ലാം പ്രോജക്ടുകൾക്കാണ് നബാർഡ് അംഗീകാരം നൽകിയത്;

(ഡി) അംഗീകാരം ലഭിച്ച കോഴിക്കോട് ജില്ലയിലെ പ്രോജക്ടുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആരോഗ്യവകുപ്പ് 2002-03 വർഷത്തിൽ 435 പ്രോജക്ടുകളും 2003-04-ൽ 294 പ്രോജക്ടുകളും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. 2003-04 വർഷത്തിൽ ആയുർവ്വേദ വകുപ്പ് 98 പ്രോജക്ടുകളും ഹോമിയോപ്പതി വകുപ്പ് 20 പ്രോജക്ടുകളും പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇവ സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

(സി, ഡി) നബാർഡ് ഇതുവരെ അംഗീകാരം നൽകിയിട്ടില്ല.

ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടികളുടെ പ്രവർത്തനം

99 [817] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് എത്ര ലക്ഷം രൂപ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly